# നടപടിക്രമങ്ങൾ

## ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം

(ഹാജർ : ബ്രിഗേഡിയർ ശ്രീകാന്ത് എൽ ജോഷി)

എൻ.സി.സി ജീവനക്കാര്യം - ക്ലാസ്സ് ഫോർ ജീവനക്കാരുടെ തസ്തികമാറ്റം സംബന്ധിച്ച് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 202/എ6-എസ്റ്റാ/2016/എൻ.സി.സി തിരുവനന്തപുരം തീയതി : 27 നവംബർ 2018

---

സൂചന : (1) ജി.ഒ (പി) നമ്പർ 305/84/ജി.എ.ഡി തീയതി 31 ആഗസ്റ്റ് 1984.

(2) ഗ്രൂപ്പ് കമാൻഡർ, ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് കത്ത് നമ്പർ 158/1/എസ്റ്റാ- തീയതി 01 നവംബർ 2018.

(3) എൻ.സി.സി ഡയറക്ടറേറ്റ് പ്രൊസീഡിംഗ്സ് നമ്പർ 6375/എ6-എസ്റ്റാ/2017/എൻ.സി.സി തീയതി 13 ജൂലൈ 2017.

(4) എൻ.സി.സി ഡയറക്ടറേറ്റ് പ്രൊസീഡിംഗ്സ് നമ്പർ 202/എ6-എസ്റ്റാ/2016/എൻ.സി.സി തീയതി 03.10.2018.

## ഉത്തരവ്

1. ശ്രീ. വിജയൻ എൻ.വി, ചൗക്കിദാർ ഗ്രേഡ്- II, 27 കേരള ബറ്റാലിയൻ എൻ.സി.സി പാലക്കാടിനെ സൂചന 3 പ്രകാരമുള്ള ഉത്തരവിൽ കൂടി ചൗക്കിദാർ ഗ്രേഡ് -II തസ്തികയിൽ നിന്നും ലസ്ക്കർ ഗ്രേഡ് - II തസ്തികയിലേക്ക് മാറുന്നതിനു വേണ്ടി ഉത്തരവായിരുന്നു. എന്നാൽ സൂചന 3 ലെ 4-ാം ഖണ്ഡികയിലെ നിർദ്ദേശം അനുസരിച്ച് സ്ഥിരമായ ചൗക്കിദാർ നെ നിയമിക്കാൻ സാധിക്കാത്തതിനാൽ ടിയാന്റെ തസ്തിക മാറ്റം അനുവദിച്ചു നൽകിയിരുന്നില്ല. അതിനുശേഷം ഈ ഓഫീസിൽ നിന്നും സൂചന 4-ൽ പ്രതിപാദിച്ചിരിക്കുന്ന തസ്തിക മാറ്റം അനുവദിച്ച ഉത്തരവിൽ, തസ്തിക മാറ്റം ചെയ്ത് കഴിഞ്ഞ് ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി മുഖേനയോ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഒഴിവുകൾ നികത്തുമെന്നും ചൗക്കിദാറിന്റെ അഭാവത്തിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി റൊട്ടേഷൻ മുഖേന ചെയ്യണമെന്നും ഉത്തരവായിരുന്നു.

2. തുടർന്ന് ശ്രീ.വിജയൻ എൻ.വി ചൗക്കിദാർ ഗ്രേഡ് -II 27 കേരള ബറ്റാലിയൻ എൻ.സി.സി തന്റെ16 ഒക്ടോബർ 2018-ലെ അപേക്ഷയിൽ ടിയാൾക്ക് കൂടി സൂചന 4 പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശം ബാധകമാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. മേൽ സൂചിപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും അപേക്ഷകന്റെ പരാതിയും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ശ്രീ. വിജയൻ എൻ.വിക്ക് സൂചന 4-ലെ ഉത്തരവിൽ ഖണ്ഡിക 4-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യം ഉടൻ ലഭ്യമാകണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

4. സൂചന 3-ലെ ഉത്തരവിന്റെ ഖണ്ഡിക 4 റദ്ദ് ചെയ്തുകൊണ്ടും ആയതിന് പകരം സൂചന 4ലെ ഖണ്ഡിക 4 ഉൾക്കൊള്ളിച്ച് കൊണ്ടും സൂചന 3-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ഒഫിഷ്യേറ്റിംഗ് അഡീഷണൽ ഡയറക്ടർ
ജനറൽ എൻ.സി.സി

Copy to:-

1. OC, 27(K) Bn NCC, Palakkad
2. Individual concerned - Through Head of office
3. Group Commander, Gp HQ Kozhikode
4. Internal : A2-II, A3 &File, IT section (For publishing in website)

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളം ലക്ഷദ്വീപ്

SREEJITH. R
Jr. Superintendent (HG)
Establishment-A
NCC Directorate (K&L)